# പതിനാലാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6647 21.11.2019-ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ പദ്ധതികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. രാജഗോപാലൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് കാസർഗോഡ് ജില്ലയിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കാമോ ; | എ) ജനകീയ മത്സ്യകൃഷി, ബ്ലൂ റെവല്യൂഷൻ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1) കല്ലുമ്മേക്കായ കൃഷി (Mussel farming)<br>2) ശുദ്ധജലാശയങ്ങളിലെ കൂട് കൃഷി (Cage farming of fish in brackish water)<br>3) ഓരുജലാശയത്തിലെ മത്സ്യകൃഷി<br>4) ഓരുജലാശയങ്ങളിലെ കൂട് കൃഷി (Cage farming of fish in brackish water)<br>5) റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (ആർ.എ.എസ്)<br>6) കൃത്രിമ കുളങ്ങളിലെ മത്സ്യകൃഷി (Fish farming in artificial pool)<br>7) കാർപ്പ് മത്സ്യത്തിന്റെ എക്സ്റ്റൻസീവ് കൃഷി രീതി<br>8). കരിമീൻ വിത്തുല്പാദനം (Seed production of pearl spot)<br>9) കാർപ്പ് മത്സ്യകുഞ്ഞ് പരിപാലന യൂണിറ്റ്<br>10) ഓരുജല മത്സ്യകുഞ്ഞ് പരിപാലന യൂണിറ്റ്<br><br>കൂടാതെ ജില്ലയിലെ പൊതു ജലാശാലയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ (Ranching) എന്ന പദ്ധതിയും നടപ്പിലാക്കുന്നു. |
| ബി) അനിയന്ത്രിതമായ മണലെടുപ്പ് മൂലം മത്സ്യസമ്പത്തിന് നേരിടുന്ന ക്ഷാമം പരിഹരിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ ? | ബി) അനിയന്ത്രിതമായ മണലെടുപ്പ് മൂലം മത്സ്യ സമ്പത്തിന് നേരിടുന്ന ക്ഷാമം പരിഹരിക്കാൻ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. എന്നാൽ, പൊതുവെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് പൊതു ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 295 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, പദ്ധതി നടപ്പാക്കി വരുന്നു. |

**സെക്ഷൻ ആഫീസർ**